പൂവിനൊരു കുഞ്ഞുമ്മ

വര
കെ പി മുരളീധരൻ

എഴുത്ത്
ജയ

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

പൂവിനൊരു കുഞ്ഞുമ്മ

വര: കെ പി മുരളീധരൻ
എഴുത്ത്: ജമ

പൂമ്പാറ്റപ്പുറത്ത് കയറി
കുട്ടി പൂന്തോട്ടത്തിൽ
പറന്നെത്തി.

പൂക്കൾക്ക്
സന്തോഷച്ചിരിയായി.
ഏതാ പുതിയൊരു
പൂമ്പാറ്റ!

ചെമ്പരത്തിപ്പൂവാണ്
ആദ്യം വരവേറ്റത്.

'വാവാ... വാവേ വാ...
നെറ്റിയിലൊരു പൊട്ടുതരാം
ചുവന്നു ചുവന്ന പൊട്ടുതരാം.'

പനിനീർച്ചെടി മുള്ളുകൾ മടക്കി
പൂക്കളെ ഉയർത്തിപ്പിടിച്ചു.

'വാവാ... വാവേ വാ
കവിളിൽ ഞാൻ ചായമിടാം
റോസപ്പൂ ചായമിടാം.'

ചെണ്ടുമല്ലി
ഓറഞ്ചുതിലക്കവുമായി
തലയാട്ടി.

'വാവാ... വാവേ വാ...
ച്ചുണ്ടിനിത്തിരി
തുടുപ്പുതരാം
ഓറഞ്ചിന്റെ
തുടുപ്പുതരാം.'

കോളാമ്പിപ്പൂവിന്റെ
തുറന്ന വായക്കു
മുമ്പിൽ കുട്ടി നിന്നു.

'വാവാ... വാവേ വാ...
കുപ്പായത്തിനു
ചായമിടാം
മഞ്ഞനിറത്തിൻ
കുപ്പായം.'

ശംഖുപുഷ്പം പടർന്നു കയറി
മുകളിലായിരുന്നു.

'വാവാ.... വാവേ വാ...
നീലിച്ചോരു കാലുറ
തുന്നാൻ പൂവുകൾ
നൽകാം ചങ്ങാതി.'

അപ്പോൾ
കുഞ്ഞു
കുഞ്ഞൊരു
തുമ്പപ്പൂ
മണ്ണിൽനിന്നും
തല നീട്ടി.

'വാ വാ... വാവേ വാ...
കുഞ്ഞനൊരു പൂവാണേലും
കാതിലിടാൻ **കമ്മൽ** തരാം.'

പൂമ്പാറ്റ പിന്നേയും പിന്നേയും
കുട്ടിയെ പൂക്കളുടെ
അരികിൽ
കൊണ്ടുപോയി.

എന്തൊക്കെ
നിറങ്ങൾ..!
എന്തൊക്കെ
മണങ്ങൾ..!

നിറങ്ങളും മണങ്ങളും നിങ്ങൾക്ക് തന്നെ ഇരിക്കട്ടെ.

എന്റെ
മനസ്സു
നിറഞ്ഞു.

കുട്ടി പൂവുകൾക്ക്

ഓരോ ഉമ്മ

കൊടുത്തു.

അഞ്ചുവയസ്സ് വരെ ഉള്ളവർക്ക്
കാണാനും പറയാനും വായിച്ചുകേൾക്കാനും
അഞ്ചുവയസ്സിനു മുകളിലുള്ളവർക്ക്
കാണാനും വായിച്ചുതുടങ്ങാനും

പൂവിനൊരു കുഞ്ഞുമ്മ

വര: കെ പി മുരളീധരൻ
കൊല്ലം കായംകുളം സ്വദേശി. ചിത്രകാരൻ, ആനിമേറ്റർ, ഡിസൈനർ. മലയാളത്തിൽ ഗ്രാഫിക് നോവലുകൾക്ക് തുടക്കമിട്ടു. ആനുകാലികങ്ങളിൽ വരയ്ക്കുന്നു.

എഴുത്ത്: ജനു
കുട്ടികൾക്ക് വേണ്ടി കഥകളും ലേഖനങ്ങളും എഴുതുന്നു. യുറീക്ക പത്രാധിപരായിരുന്നു. ഇപ്പോൾ പത്രാധിപസമിതി അംഗം. കണ്ണൂർ കോളയാട് സ്വദേശി, കോഴിക്കോട് താമസിക്കുന്നു.

എഡിറ്റോറിയൽ ടീം
കെ ടി രാധാകൃഷ്ണൻ *(ചീഫ് എഡിറ്റർ)*,
ജനു *(എക്സിക്യൂട്ടീവ് എഡിറ്റർ)*
ഇ എൻ ഷീജ, അനിത സി കെ,
സി എം മുരളീധരൻ, കെ പാപ്പൂട്ടി
രൂപകൽപന: ജനു, ശ്രീലേഷ് കുമാർ

ഒന്നാം പതിപ്പ്: ഫെബ്രുവരി 2020
രണ്ടാം പതിപ്പ്: ഏപ്രിൽ 2022
പ്രസാധനം, വിതരണം:
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ 680004
e mail: publicationkssp@gmail.com
അച്ചടി: തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്, അങ്കമാലി
വില (സെറ്റ്): ₹.1800
KSSP 2707 IIE APR 22 1800 2K FT 1092/20

പിന്നെയും
പറന്ന്.... പറന്ന്... പറന്ന്...

പൂമ്പാറ്റയുടെ പുറത്തുകയറി
പൂന്തോട്ടത്തിലെത്തിയ കുട്ടിക്ക് പൂക്കൾ
എന്തൊക്കെയാണ് നൽകിയതെന്നോ..!

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്